**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171** **03-03-2025 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് ആസ്ഥാനമാക്കി മദ്യനിർമാണ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി മദ്യനിർമാണ യൂണിറ്റ് തുടങ്ങാൻ ഒയാസിസ് കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/ വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പ്രാരംഭ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ അനുമതി നൽകാനുള്ള കാരണം വിശദമാക്കാമോ; | (ബി) | 2023-24 വർഷത്തെ മദ്യനയത്തിൽ സംസ്ഥാനത്ത് മദ്യ ഉല്പാദനത്തിന് ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ (ENA) കേരളത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നല്കമെന്നും, ആയതിന് തയ്യാറാകുന്ന ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നല്കമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ടി കമ്പനിക്ക് മദ്യ നിർമ്മാണ യൂണിറ്റ് തുടങ്ങുവാൻ പ്രാരംഭ അനുമതി നൽകിയത്. |
| (സി) | മദ്യ നിർമാണ യൂണിറ്റ് ആരംഭിക്കുന്നതിനായി പ്രസ്തുത കമ്പനിയെ എപ്രകാരമാണ് തിരഞ്ഞെടുത്തതെന്നും മാനദണ്ഡം എന്താണെന്നും അറിയിക്കുമോ? | (സി) | മദ്യ നിർമാണ യൂണിറ്റ് ആരംഭിക്കുന്നതിനായി തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ല. 2023-24 വർഷത്തെ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ ടി കമ്പനി സമർപ്പിച്ച അപേക്ഷ പരിഗണിച്ചാണ് മദ്യ നിർമാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ അനുമതി നൽകിയത്. |

സെക്ഷൻ ഓഫീസർ